ഇ.എസ്5/88518/17/ആ.വ.ഡ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

തീയതി: 20 /07/2022

## നോട്ടീസ്

വിഷയം:- ആ.വ.ഡ – 09.10.2012 മുതൽ 31.07.2018 വരെയുളള കാലയളവിലെ പി. എച്ച്.എൻ. ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ താൽക്കാലികമായി ഉൾപ്പെടുത്തിയും പേരിലെ തെറ്റ് തിരുത്തിയും നോട്ടീസ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന :- 1. ഉത്തരവ് നമ്പർ. ഇ. എസ്5-88518/17/ആ.വ.ഡ, തീയതി. 19.06.2020

2 പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ എ4-7317/2022 തീയതി. 02.06.2022 നമ്പർ കത്ത്

3. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ എ4-7261/22/ജി.മെ.ഒ(ആ), തീയതി. 13.06.2022

********************************

ആരോഗ്യ വകുപ്പിൽ 09.10.2012 മുതൽ 31.07.2018 വരെയുള്ള കാലയളവിലെ പബ്ലിക് ഹെൽത്ത് നഴ്സ് (പി. എച്ച്. എൻ.) ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക മേൽ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സീനിയോറിറ്റി പട്ടികയിലെ ജനനതീയതി തിരുത്തുന്നതിനുമായി ശ്രീമതി. റോജ.കെ, ശ്രീമതി.ഇന്ദിര ചെമ്പിലേത്ത് എന്നീ ജീവനക്കാർ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ടി ജീവനക്കാരുടെ അപേക്ഷകളും, അനുബന്ധ രേഖകളും വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. റോജ.കെ യെ മേൽ സൂചന 1 പി. എച്ച്. എൻ സീനിയോറിറ്റി പട്ടികയിൽ 214 A എന്ന സ്ഥാനം നൽകി താൽക്കാലികമായി ഉൾപ്പെടുത്താനും, ശ്രീമതി. ഇന്ദിര ചെമ്പിലേത്ത് ന്റെ ജനനതീയതിയിലെ തെറ്റ് തിരുത്തി നൽകാനും തീരുമാനിച്ചിരിക്കുന്നു. എന്നാൽ ശ്രീമതി.റോജ.കെയുടെ പിഎച്ച്എൻ തസ്തികയിലെ റാങ്ക് നം.(214 A) അനുവദിച്ച ഉത്തരവായതിനുശേഷം മാത്രമേ ടിയാന് പിഎച്ച്എൻഎസ് സ്ഥാനക്കയറ്റത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. മാത്രവുമല്ല സ്പെഷ്യൽ റൂൾസിലെ നിബന്ധനകൾക്ക് അനുസരിച്ച് മാത്രമേ ഉയർന്ന തസ്തികയിലേയ്ക്കുള്ള പ്രമോഷനും അർഹത ഉണ്ടായിരിക്കുകയുള്ളൂ.

വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.

മേൽ സൂചിപ്പിച്ച പ്രകാരം ശ്രീമതി. റോജ.കെ യ്ക്ക് സീനിയോറിറ്റി നിശ്ചയിച്ച് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപങ്ങളോ, പരാതിയോ ഉണ്ടെങ്കിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസനത്തിനുള്ളിൽ രേഖാമൂലം ഉചിതമാർഗ്ഗേണയോ, ഇ-മെയിൽ മുഖാന്തിരമോ (esectiondhs@gmail.com) ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നോട്ടീസിനെതിരെ ആർക്കും ആക്ഷേപമില്ലായെന്ന നിഗമനത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഒപ്പ്/-

**ഡോ. പ്രീത. പി. പി**

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (FW)

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. വ്യക്തികൾക്ക്
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

അനുബന്ധം A

09.10.2012 മുതൽ 31.07.2018 വരെയുള്ള കാലയളവിലെ PHN (LHI) മാരുടെ സീനിയോറിറ്റി പട്ടികയിൽ താത്കാലികമായി ഉൾപ്പെടുത്തിയും, ജനനതീയതി തിരുത്തിയും പ്രസിദ്ധീകരിക്കുന്ന പട്ടിക.(Order No. ES5/88518/17/DHS, Dated: 19.06.2020)

| Sl. No. | Name | PEN No | Date of Birth | Qualification | Promotion order No. Date | Rank No. in JPHN Gr. I | 09.10.2012-31.07.2018 | | | Remarks |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | Existing rank No in PHN Seniority list | New rank No. in PHN Seniority list | Date of assigning seniority | |
| 1 | Roja K | | 15.05.1967 | SSLC/ ANM | FWA5-12338/2014/ DHS dtd 23.07.2014 | 3169 | -- | 214 A | 23.07.2014 | included in the seniority list |
| 2 | Indira Chembileth | 314662 | 09.11.1966 | SSLC/ ANM | FWA5-85292/2016/ DHS, Dtd: 26.06.2018 | 3555 | 519 | -- | 26/06/2018 | Date of Birth correction |

ഒപ്പ്/-

ഡോ. പ്രീത. പി. പി

ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (FW)

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്